

# അതിജീവനം

ഡിജിറ്റൽ മാഗസിൻ

ഗവ. ഹയർസെക്കന്ററി സ്ക്കൂൾ, എടനീർ

# ഉള്ളടക്കം


ആ മഴയിൽ
വിശാഖ്. കെ 1

ദുരന്ത പെയ്ത്ത്
മേഘ മാധവൻ 1

മരണ മാലാഖ
ഫർസാന 2

സമയം
ശ്രേയ കെ 3

വെള്ളപ്പൊക്കം
മറിയം ഷഹാന 3

നവകേരളം
അഭിമന്യ കെ 4

പ്രളയാനന്തരം
അബ്ദുൾ അസ്കർ 4

ചോക്കും വടിയും
ജയശ്രീ പി പി 5

ഒന്നെടുത്താൽ രണ്ട്
ജയശ്രീ പി പി 5

ചൂരൽ
ശ്രീന പി 5

വിശാഖ്. കെ
പത്ത് എ
കവിത

# ആ മഴയിൽ

അന്നു ഞാനുമുണ്ടായിരുന്നു ആ മഴയിൽ
ആർത്തുപെയ്യുന്നൊരാ മഹാമാരിയിൽ
ഞാനുമുണ്ടായിരുന്നു ആ മഴയിൽ
ജാതി നോക്കാതെ മതം നോക്കാതെ
മനുഷ്യരെ ഒന്നിച്ചെടുക്കാൻ വന്നൊരു
മഴയിൽ .....
അന്ന് ജാതി നോക്കിയില്ലാ മഴ
മതം നോക്കിയില്ലാ മനുഷ്യൻ
പോയീ കാറുള്ളവർ അന്ന്
വെറും ബിരിയാണി പാത്രത്തിൽ
അന്നു ഞാനുമുണ്ടായിരുന്നു ആ മഴയിൽ
ആർത്തുപെയ്യുന്നൊരാ മഹാമാരിയിൽ
അന്ന് ദൈവങ്ങൾ വെറും ഓർമ്മയായി
മീൻ നാറുന്നവർ ദൈവങ്ങളായി
മുറുകെ പിടിച്ചുവാ കൈകൾ ഞാനും
എല്ലാം കൊണ്ടുപോകാൻ വന്നൂ ആമഴ
അന്നു ഞാനുമുണ്ടായിരുന്നു ആ മഴയിൽ
ആർത്തുപെയ്യുന്നൊരാ മഹാമാരിയിൽ



മേഘ മാധവൻ
പത്ത് എ
കവിത

# ദുരന്ത പെയ്ത്ത്

പാതി രാത്രിയിൽ
കൊടും മഴയിൽ
കൊടും കാറ്റിൽ
ഇരുട്ടു മുറിയിൽ
ആരുടെയൊക്കെയോ
നിലവിളികൾ
ഒന്നും അറിയാത്ത
ഞാൻ വന്നു നോക്കുമ്പോൾ
വീട്ടിനുള്ളിലും വെള്ളം മാത്രം
മുറ്റത്താണെങ്കിലോ
പുഴ പോലെ കുളംപോലെ
നിറഞ്ഞൊഴുകീടുന്നു
മരങ്ങളും മണ്ണും
ഇടിഞ്ഞുവീണിരിക്കുന്നു
എങ്ങിനെ ഈ വീടിന്റെ
പുറത്തേക്ക് പോകും ഞങ്ങൾ
ഒന്നുമറിയാതെ
ജനൽചാരി നിൽക്കേ
പെട്ടെന്നൊരു
മിന്നൽ ഇടി വന്നു വീണു
ഈ ദൈവത്തിൻ നാട്ടിൽ
ഇങ്ങിനൊരു ദുരന്തം
എന്തേ ഇതിങ്ങനെ
വന്നു പോയി
ഓരോ കണ്ണീരും
തോരാത്ത മഴ പോലെ
ഇപ്പോഴും വീണു കൊണ്ടേയിരിക്കുന്നു.......

ഫർസാന
ഒൻപത് സി കഥ

# മരണ മാലാഖ

ഞാൻ നോക്കുമ്പോഴേക്കും ആ കൈകൾ വെള്ളത്തിലേക്കു താഴ്ന്നിരുന്നു. അറിയാതെ യാണെങ്കിലും അതിന്ന് ഉത്തരവാദിയാണ് ഞാൻ. ഈ ചിന്ത എന്നെ വല്ലാതെ അലട്ടുന്നു ണ്ടായിരുന്നു.താൻ കാരണം പാവം ആ കുട്ടി.... ഞാനും കൂട്ടുകാരനും പെട്ടെന്ന് അവിടെ നിന്നും ഓടി ആ കാണുന്ന മലയടിവാരത്തു ചെന്നു നിന്നു. “അറിയാതെ പോലും ആ മരണത്തിന് ഉത്തരവാദി താനാണെന്ന് ആരോടും പറഞ്ഞേ ക്കരുത്".
"പക്ഷേ ഞാൻ".... എത്ര വലിയ തെറ്റാണ് ചെയ്തത്. ചുമ്മാ കളിയാക്കിയ അവളെ തള്ളി യിട്ടു.കഷ്ടകാലത്തിന് എനിക്ക് നീന്താൻ പോലും അറിയില്ല. അപ്പു പറഞ്ഞതുപോലെ ആരോടും പറയാതിരിക്കാം. പക്ഷേ..... എത്ര നാൾ.... ഒടുവിൽ സത്യം പുറത്തുവന്നാൽ ! പോലീസ് എന്നെ അറസ്റ്റുചെയ്യും. അച്ഛൻ എന്നെ തല്ലും.

അപ്പു യാത്ര പറഞ്ഞ് അവന്റെ വീട്ടിൽ പോയി. ഞാൻ എന്റെ വീട്ടിലും. രാത്രിയിലെ ഭക്ഷണം ശരിക്ക് കഴിക്കാത്തതിനാൽ അമ്മയുടെ വഴക്കും കിട്ടി.ഞാൻ ഒന്നും മിണ്ടാതെ എഴു ന്നേറ്റു. കണ്ണ് അടച്ചു കിടന്നെങ്കിലും ഉറക്കം വരുന്നില്ല. രാത്രിയുടെ അന്ത്യയാമത്തിലെ പ്പോഴോ ഉറക്കം എന്നെ കീഴ്പ്പെടുത്തി. ഒരു പോലീസ് ജീപ്പ് വന്ന് വീടിന്റെ മുന്നിൽ നിന്നു. എന്റെ കാൽ വിറക്കുന്നുണ്ടായിരുന്നു. രണ്ടുമൂന്നു പോലീസുകാർ വന്ന് എന്നെ വലിച്ചിഴച്ച് ജീപ്പിൽ കയറ്റി. ഞാൻ അലറി വിളിച്ചു. “എന്താടീ കിടന്നലറുന്നത് "..... കണ്ണു തുറന്നപ്പോൾ മുന്നിൽ അമ്മ. ഞാൻ അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. അമ്മ കാരണം തിരക്കി.
“ഇന്നലെ....” പെട്ടെന്ന് അപ്പുവിന്റെ വാക്കുകൾ ഓർത്ത് ഞാൻ മിണ്ടാതിരുന്നു.

വയൽവരമ്പിലൂടെ മെല്ലെ നടന്ന് തോട്ടിൻ കരയിൽ ചെന്നിരുന്നു. അവിടെയുള്ള മരങ്ങൾ ക്കിടയിലൂടെ കുരങ്ങുകൾ ചാടിക്കളിക്കുന്നു. .പക്ഷികൾപാറിക്കളിക്കുന്നു. പതിവിലും മനോ ഹരമായി കുയിൽ പാടുന്നു. കാക്കയുടെ കല പില ശബ്ദം. ഇതൊക്കെ ആസ്വദിച്ച് അറിയാ തെ മയങ്ങിപ്പോയി. സ്വപ്നത്തിൽ നിറയെ ആ കുളവും കുട്ടിയുടെ നിലവിളിയും.... സ്വപ്നം കാണാൻ ഇഷ്ടമുള്ള ഞാൻ അതിനെ വെറു ക്കുന്നു.

പെട്ടെന്ന് അപ്പു ഓടി വന്നു"ടാ.. ഇനി നമ്മൾ ഒന്നുകൊണ്ടും പേടിക്കേണ്ട". "നീ തെളിച്ചു പറയ്" ഞാൻ തിരക്കുകൂട്ടി.
“ടാ.. ഞാനിന്നലെ ആ വീട്ടിൽ ചെന്ന് അവളുടെ മേശയിൽ ഒരു ആത്മഹത്യാകുറിപ്പ് എഴുതി വെച്ചു. ഇനി അന്വേഷണം ആ വഴിക്ക് നീങ്ങും"-അവൻ സന്തോഷത്തോടെ പറഞ്ഞു. അവ നോട് ഞാൻ ഒന്നും പറഞ്ഞില്ല. ഒരേ സമയം മനസ്സിൽ മായാത്ത സ്വപ്നങ്ങൾ..... പതിയെ വീട്ടിലേക്ക് തിരിച്ചു നടന്നു. അമ്മ പ്രഭാത ഭക്ഷണം എടുത്തുവച്ച് കാത്തിരിക്കുന്നുണ്ട്. ഞാൻ കഴിക്കുന്നതിനിടയിൽ അമ്മുവിന്റെ മരണത്തെക്കുറിച്ചുള്ള അവരുടെ സംഭാഷണം ശ്രദ്ധിച്ചു. ആത്മഹത്യയാണെന്നും കാരണം വ്യക്തമല്ലെന്നും അമ്മ പറയുന്നത് കേട്ടു. ഞാൻ മെല്ലെ എഴുന്നേറ്റ് മുറ്റത്തെ മരച്ചുവട്ടിൽ ചെന്നിരുന്നു. ചെറു കാറ്റ് വീശാൻ തുടങ്ങിയ പ്പോൾ അറിയാതെ മയങ്ങിപ്പോയി. സ്വപ്ന ത്തിൽ അമ്മു ഒരു മാലാഖയായി നക്ഷത്രക്കൂട്ട ത്തിൽ മറയുന്നു. ഞാൻ പതിയെ ഉറക്കത്തിലേക്ക് ലയിച്ചു.........

ശ്രേയ കെ
എട്ട് എ
കഥ

## സമയം

ജോലിത്തിരക്കിലായിരുന്ന അവൾ ആ നില വിളി ശബ്ദം കേട്ടിട്ടും ജോലിയിൽ മുഴുകിയിരുന്നു. വീട്ടിൽനിനിന്നും കുറച്ചകലെയുള്ള പുഴയിൽനിന്നാണ് ആ ശബ്ദം കേട്ടത്. അവൾ ചെല്ലുമ്പോഴേക്കും ആ കൈകൾ വെള്ളത്തിലേക്ക് താഴ്ന്നുപോയിരുന്നു. അവിടെ അടുത്തെങ്ങും ആരെയും കാണാനില്ല. അല്പസമയം മുമ്പ് എത്തിയിരുന്നെങ്കിൽ ആ ജീവൻ രക്ഷിക്കാമായിരുന്നു. "ആരായിരിക്കും ആപത്തിൽപെട്ടത്?" മനസ്സിൽ നിറയെ കുറ്റബോധവുമായി അവൾ വീട്ടിലേക്ക് തിരിച്ചു. ബാക്കി ജോലി കൂടി പെട്ടെന്ന് തീർത്ത് അല്പം മയങ്ങാം- അവൾ മനസ്സിൽ കരുതി.

മോൻ വരേണ്ട സമയം കഴിഞ്ഞല്ലോ. അവനിതെവിടെപ്പോയി. പെട്ടെന്ന് പുറത്ത് ആരുടെയോ ശബ്ദം കേട്ടു. “ആ പുഴയിൽ ഒരു കുട്ടിയുടെ ശവം പൊന്തിയിട്ടുണ്ട്"-അതും പറഞ്ഞ് അയാൾ ഓടിപ്പോയി. അവൾ പുറകെ ഓടി. പുഴക്കരയിലെത്തിയ അവൾ ആ കാഴ്ച കണ്ട് ബോധരഹിതയായി.

മറിയം ഷഹാന
ഏഴ് ബി
കവിത

## വെള്ളപ്പൊക്കം

ആദ്യം ഒരു കാറ്റ്
അൽപം കഴിഞ്ഞാൽ ഒരു മിന്നൽ
അതു കഴിഞ്ഞാൽ ഇടി
പിന്നെ സ്നേഹം നിറഞ്ഞ മഴ
വീണ്ടും ചൊരിഞ്ഞ മഴ
അൽപ്പം കൂടിയാൽ കൊടുങ്കാറ്റ്
കുറച്ച് കൂടിയാലോ വെള്ളപ്പൊക്കം
അതിൽ കുറച്ച് മേലെ പ്രളയം
പ്രളയത്തിന്മേൽ മറ്റൊന്നുമില്ല
അതിനിടയിൽ മനുഷ്യനോ വീടോ ഒന്നുമില്ല
പ്രളയം ഒരു ഭീകരനാ
ഭൂമിയെ മറിക്കാനതുമതി
മനുഷ്യരെല്ലാം നെട്ടോട്ടമോടി
ഡാമുകളെല്ലാം പിളർന്നു വീണു
പർവ്വതമൊക്കെയും പഞ്ഞിക്കൂട്ടമായ്
പക്ഷികൾ കൂട്ടക്കരച്ചിലായി

അഭിമന്യ കെ
ഏഴ് എ
കവിത

## നവകേരളം

കതിരണിപ്പാടങ്ങൾ കൈകൂപ്പി നിൽക്കുന്ന
മലയാളനാട്...........
ആർത്തിരമ്പുന്ന ജലപ്രവാഹങ്ങൾക്കിടയിൽ
തൊഴുകൈകളോടെ മലയാളക്കര...
മാലവർക്കിടയിലെ മതിൽക്കെട്ടുകളെ
തട്ടിത്തകർത്തൊരാ പ്രവാഹം
പണ്ഠിതനെന്നോ പാമരനെന്നോ
ജാതിയേതെന്നോ മതമേതെന്നോ
നോക്കാതെ ആളുകൾ
അഭയകേന്ദ്രങ്ങളിൽ
പൊതുവിദ്യാലയത്തിൽ
പുസ്തകങ്ങൾ നനഞ്ഞ മണ്ണിന്റെ
ചൂടിലലിഞ്ഞ്
കൈരളി പുത്തനുണർവ്വിലേക്ക്
ഹരിതകേരളം പടുത്തുയർത്താൻ
നമുക്കൊത്തുചേരാം....
സ്നേഹത്തിൻ മുത്തുമാലകൾ ചാർത്തി
പുതുകേരളത്തെ പടുത്തുയർത്താം
ഭാരത ഭൂവിലെ ഈ കൊച്ചു നാടിനെ
വീണ്ടുമുയർത്താം .....
നമുക്കൊരു നവകേരളം കെട്ടിപ്പടുക്കാം........



അബ്ദുൾ അസ്കർ
ഒമ്പത് സി
ലേഖനം

## പ്രളയാനന്തരം

കേരളം നടുങ്ങിയ ഒരു സംഭവമാണ് ആഗസ്ത് മാസത്തിലെ പ്രളയം. അപ്രതീക്ഷിതമായി തുടർച്ചയായി പെയ്ത മഴ കാരണം അണക്കെട്ടുകളും നദികളുമെല്ലാം നിറഞ്ഞു കവിഞ്ഞു. നദികളിൽ ചിലത് ഗതി മാറി ഒഴുകി. വയനാട്ടിലും ഇടുക്കിയിലും ഉരുൾപൊട്ടലിൽ വലിയ നാശനഷ്ടങ്ങൾ സംഭവിച്ചു. കേരളത്തിലെ പൊതുവിദ്യാലയ ങ്ങളെല്ലാം അഭയാർത്ഥി ക്യാമ്പുകളായി.

ഇതിൽ നിന്നും നാം ഒരു പാഠം ഉൾക്കൊള്ളാനുണ്ട്. എങ്ങിനെയാണ് ഈ പ്രളയം ഉണ്ടായത് ?  ഇത് അപ്രതീക്ഷിതമായി ഉണ്ടായതല്ല.എവിടെയോ നമുക്ക് പിഴവ് പറ്റിയിട്ടുണ്ട്. കുറച്ചു വർഷങ്ങൾക്കുമുമ്പ് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്ന വയലുകളും, കുന്നുകളും, കുളങ്ങളുമെല്ലാം അപ്രത്യക്ഷമായി. അവിടെയെല്ലാം വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നു വന്നു. നാമെല്ലാം സ്വന്തം കാര്യം നോക്കി ജീവിച്ചു. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനോ പ്രകൃതിയെ നശിപ്പിക്കാതെ ജീവിക്കാനോ നമ്മൾ തയ്യാറല്ല. അതിനാൽ പ്രകൃതിയുടെ പകരം വീട്ടലാണ് ഈ പ്രളയം.

പ്രളയത്തിൽ നിന്ന് നാം പാഠങ്ങൾ പഠി ക്കേണ്ടിയിരിക്കുന്നു. നാം പ്രകൃതിയിലേക്ക് മടങ്ങണം. നമ്മുടെ ജീവിതം പ്രകൃതിയോട് ഇണങ്ങിയതായിരിക്കണം. നാഗരിക ജീവിതത്തിൽ നിന്ന് നാം മാറണം. പറ്റാവുന്ന സ്ഥലങ്ങളിലെല്ലാം മരങ്ങൾ വച്ചു പിടിപ്പിക്കണം. നഷ്ടപ്പെട്ടുപോയ ആവാസ വ്യവസ്ഥയേയും പച്ചപ്പിനേയും എല്ലാം നമുക്ക് തിരിച്ചു പിടിക്കണം. നമ്മുടെ നാട്ടിലെ പലർക്കും പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത ഇനിയും ബോധ്യമായിട്ടില്ല. അതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം. പോസ്റ്ററുകൾ തയ്യാറാക്കണം. മരങ്ങൾ നട്ടു വളർത്തണം. അങ്ങിനെ പ്രകൃതിയെ സ്നേഹിക്കുന്ന ഒരു തലമുറയെ നമുക്ക് വാർത്തെടുക്കണം.

ജയശ്രീ പി പി
എച്ച് എസ് എ മലയാളം മിനിക്കഥ

## ചോക്കും വടിയും

ഇടനാഴിയിലൂടെ നടക്കുമ്പോഴാണ് ഒഴിഞ്ഞ മൂലയിൽ നിന്നും ഒരു തേങ്ങൽ കേട്ടത്. ചെന്ന് നോക്കിയപ്പോൾ ഒരു ചോക്കും വടിയും. ഡിജിറ്റൽ ക്ലാസ് മുറികളിൽ നിന്ന് പുറത്താക്കപ്പെട്ട ചങ്ങാതിമാരായിരുന്നു അവർ ...... !!!! .

## ഒന്നെടുത്താൽ രണ്ട്

പതിവു കാഴ്ചയിൽ
പതിവില്ലാത്ത വിധം
പുസ്തകശാലയ്ക്കു മുന്നിൽ
വലിയ ആൾക്കൂട്ടം .....
കാര്യമിതാണ്......
പുസ്തകമൊന്നിന്
രണ്ടെന്ന തോതിൽ
സമ്മാനപ്പെരുമഴ.....
ഓണം മെഗാ ഓഫർ
സ്മാർട്ട്ഫോൺ....
ടാബ്...
കാറ്...... !!!
അത്ഭുതം....
എത്ര പെട്ടെന്നാണ്
വീടുകളെല്ലാം
' പുസ്തകശാലകളായത്....'

ശ്രീന പി
എച്ച് എസ് എ മലയാളം കവിത

## ചൂരൽ

അടിച്ചും ഇടിച്ചും എന്നെ കൊല്ലുമ്പോൾ
ഞാൻ അറിഞ്ഞിരുന്നീല...
എനിക്ക് മുഖം തരാതെ പിന്നോട്ടായുമ്പോൾ
ഞാൻ ഓർത്തിരുന്നീല...
ഏതോ വിദൂരതയിൽ എന്റെ പിന്മുറക്കാർക്ക്
സ്ഥാനമേതോ ചുവരിന്റെ അരികെന്ന്
ഓർമ്മയുടെ കണക്കു പുസ്തകത്തിൽ
എന്നെയാരും സ്നേഹിച്ചിരുന്നില്ല
ശാപവാക്കുകൾ ഏറ്റുവാങ്ങി
ഏറെ നാൾ അലഞ്ഞു നടന്നു
കൈകളിൽ നിന്ന് കൈകളിലേക്ക്
ചിരിയിൽ നിന്ന് വിതുമ്പലിലേക്ക്
കൈയിൽ കിടന്ന് പിടയുമ്പോഴും
ഉള്ളം നുറുങ്ങുകയായിരുന്നു
എങ്കിലും വേദനിച്ചീടുവാൻ വയ്യ
ഞാൻ നൽകിയ നൊമ്പര ചുംബനം
കണ്ണീർ പുഷ്പമായ് വീണെങ്കിലും
കുസൃതിത്തരങ്ങൾക്ക്
മരുന്നായ് മാറാനും
ഇത്തിരി വെട്ടം ചൊരിഞ്ഞിടാനും
പറ്റീടുകിൽ ഞാൻ കൃഥാർത്ഥനായ്
ജീവിത നൗകയിൽ നാലുപേരെങ്കിലും
ചിരിച്ചെന്നെ സ്മരിച്ചീടുമ്പോൾ
കയ്പുരസത്തിൻ നിമിഷങ്ങളൊക്കെയും
മധുരച്ചൂരലിൻ മാധുര്യമാകുന്നു.